## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3400

12.12.2014-ൽ മറുപടിക്ക്

## സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ശല്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ്മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ശല്യം വർദ്ധിച്ച വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനെതിരെ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | തെരുവ് നായ്ക്കളുടെ വംശ വർദ്ധനവ് തടയുന്നതിന് ലക്ഷ്യമിട്ടു കൊണ്ടുള്ള എ.ബി.സി. പ്രോഗ്രാം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എല്ലാ നഗരസഭകൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് സ്വന്തം നിലയിൽ പദ്ധതികളും മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ക്ലസ്റ്റർ അടിസ്ഥാനത്തിൽ എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, മൃഗസംരക്ഷണ വകുപ്പും ചേർന്ന് വിവിധ സന്നദ്ധ സംഘടനകളുമായും അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ പ്രോഗ്രാം നടപ്പിലാക്കുന്നതിനാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് ഇതേ വരെ 1800 ൽപ്പരം നായക്കളെ എ.ബി.സി. പ്രോഗ്രാമിന് വിധേയമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തെരുവ് നായ്ക്കളുടെ വർദ്ധന തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമാകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | നായ്ക്കളുടെ വന്ധ്യംകരണ, പ്രതിരോധ കുത്തിവയ്പുകളിലെ പാളിച്ചകൾ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | എങ്കിൽ ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; | (ഇ) | സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | ഗ്രാമപഞ്ചായത്തുകളിൽ ഇത്തരം പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തെരുവ് നായ്ക്കളുടെ വന്ധ്യംകരണം നിലവിൽ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കി വരുന്നു. തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തി, പേവിഷ ബാധയ്ക്ക് കുത്തിവയ്പ്പ് നൽകുന്ന പദ്ധതിക്ക് മാർഗ്ഗനിർദ്ദേശം നൽകി 02.09.2014 -ലെ സ.ഉ.(സാധാ) നം. 2306/14/തസ്വഭവ ഉത്തരവും, 16.10.2014-ലെ സ.ഉ. (സാധാ) 2673/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ